# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.09.2026**

### പ്രധാനവാർത്തകൾ

1) ഒരു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. കൊല്ലത്തും തിരുവനന്തപുരത്തും വിവിധ പരിപാടികളിൽ പങ്കെടുക്കും.

2) കേരളത്തിൻറെ ഭാവിയിൽ സമുദ്ര സമ്പദ് വ്യവസ്ഥക്ക് വൻ സാധ്യതകളാണെന്നും ഇതു പ്രയോജനപ്പെടുത്താൻ സഹകരണ മേഖലയ്ക്ക് സാധിക്കണമെന്നും കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ.

RNU TVPM

3) വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന പുതു തലമുറയ്ക്ക് എല്ലാ പിന്തുണയും നൽകുമെന്ന് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി.

4) സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ മറ്റെന്നാൾ നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

5) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന്.

6) കള്ളക്കടൽ പ്രതിഭാസത്തിനുള്ള സാധ്യത മുൻനിർത്തി കേരളം-മാഹി-ലക്ഷദ്വീപ്, തെക്കൻ തമിഴ്നാട് തീരങ്ങളിൽ മറ്റെന്നാൾ വരെ ചുവപ്പു ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തി.

7) ഏഷ്യൻ ഗെയിംസ് കബഡിയിൽ ഇന്ത്യയുടെ പുരുഷ-വനിതാ ടീമുകൾക്ക് സ്വർണം. ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ തിരുവനന്തപുരത്ത്.

&&&&&&&&&&&&&&&&&&&&&

<u>ഉപരാഷ്ട്രപതി - കേരളം സന്ദർശനം</u>

ഒരു ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്തെത്തും. രാവിലെ 11 മണിക്ക് കൊല്ലം ജില്ലയിൽ മാതാ അമൃതാനന്ദമയി മഠത്തിലെ ആഘോഷച്ചടങ്ങിൽ പങ്കെടുക്കും. വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരത്തെ ബാലരാമപുരത്ത് എസ്.യു.ടി മെഡിക്കൽ കോളേജിലെ ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും.

RNUTVPM

&&&&&&&&&&&&&&&&&&&&&

<u>അമിത് ഷാ - കൊല്ലം (ഇൻട്രോ)</u>

കേരളത്തിന്റെ ഭാവിയിൽ സമുദ്ര സമ്പദ് വ്യവസ്ഥക്ക് വലിയ സാധ്യതകളാണ് ഉള്ളതെന്നും ഇതു പ്രയോജനപ്പെടുത്താൻ സഹകരണ മേഖലയ്ക്ക് സാധിക്കണമെന്നും കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ. സഹകരണ മേഖലയിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്ത്രീശാക്തീകരണം ശക്തമാക്കുന്നതിനുമായുള്ള നാഷണൽ കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിലുള്ള വിവിധ വികസന സംരംഭങ്ങളുടെ ഉദ്ഘാടനം

കൊല്ലം കുണ്ടറയിൽ നിർവഹിക്കുകയായിരുന്നു ശ്രീ. അമിത് ഷാ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ......**
**(വോയ്സ്)**

സഹകരണ മേഖലയിലെ ഉത്പന്ന സ്റ്റാളുകളും ശ്രീ അമിത് ഷാ സന്ദർശിച്ചു. കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി, സംസ്ഥാന മന്ത്രിമാരായ എം ലിജു, പി സി വിഷ്ണു നാഥ് എൻ കെ പ്രേമചന്ദ്രൻ എം പി, രാജീവ് ചന്ദ്രശേഖർ എം എൽ എ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&&&&

## അമിത് ഷാ - അമൃതപുരി

മാതാ അമൃതാനന്ദമയിയുടെ കാരുണ്യമാണ് എല്ലാവരെയും ചേർത്തുനിർത്തുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. മാതാ അമൃതാനന്ദമയിയുടെ 73 -ാംം ജന്മദിനാഘോഷത്തിൻ്റെ ഭാഗമായി സംഘടിപ്പിച്ച വിശ്വസേവാദിനം സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അമിത് ഷാ. അമൃതകീർത്തി പുരസ്കാരം അമിത് ഷാ , പി. എസ്. ശ്രീധരൻപിള്ളയ്ക്ക് സമ്മാനിച്ചു. അസമിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനനിധിയിലേക്ക് അമൃതാനന്ദമയി മഠം നൽകുന്ന രണ്ട് കോടി രൂപയുടെ ചെക്ക് മന്ത്രി രമേശ് ചെന്നിത്തലയിൽ നിന്ന് അമിത് ഷാ ഏറ്റുവാങ്ങി
ആസം വിദ്യാഭ്യാസ മന്ത്രി ഡോക്ടർ രനോജ് പെഗുവിന് കൈമാറി.

&&&&&&&&&&&&&&&&&&&&&

## വ്യവസായ സംരംഭം -പി.കെ. കുഞ്ഞാലിക്കുട്ടി

ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന പുതിയ തലമുറയ്ക്ക് എല്ലാ പിന്തുണയും സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി. സംസ്ഥാനത്ത് യുവ സംരംഭകർക്കിടയിൽ സാങ്കേതികവിദ്യാധിഷ്ഠിത ഉൽപാദന വ്യവസായങ്ങൾക്ക്

RNU TVPM

കരുത്തേകാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് 'റാംപ്' (RAMP) പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'കേരള യുവ സംരംഭക സംഗമം' കോഴിക്കോട് കാലിക്കറ്റ് ട്രേഡ് സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ 'വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ' നയം സർക്കാർ നടപ്പിലാക്കുകയാണെന്ന് മന്ത്രി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&&&

## പരിസ്ഥിതി ലോല മേഖല

പരിസ്ഥിതി ലോല മേഖല വിഷയത്തിൽ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണം എന്നതാണ് സംസ്ഥാന സർക്കാർ നിലപാട് എന്ന് മന്ത്രി സണ്ണി ജോസഫ്. തോട്ടഭൂമിയേയും കൃഷിഭൂമിയേയും ഒഴിവാക്കണം എന്നും മന്ത്രി കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. അടുത്ത മാസം 12 ന് തുടങ്ങുന്ന നിയമസഭ സമ്മേളനത്തിൽ ഈ വിഷയം പ്രമേയമായി അവതരിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ മറ്റെന്നാൾ ഉപതിരഞ്ഞെടുപ്പ് നടത്താൻ ഒരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. കൊല്ലം, ആലപ്പുഴ ഒഴികെ 12 ജില്ലകളിലെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ്. പരസ്യ പ്രചാരണം ഇന്ന് വൈകുന്നേരം അവസാനിച്ചു. തിങ്കളാഴ്ച രാവിലെ ഏഴു മുതൽ വൈകിട്ട് ആറു മണിവരെയാണ് വോട്ടെടുപ്പ്. ചൊവ്വാഴ്ചയാണ് വോട്ടെണ്ണൽ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വോട്ടെടുപ്പ് ദിവസം പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട് .

RNUTVPM

&&&&&&&&&&&&&&&&&&&&&

## പി.എം - 25 വർഷം - ഗിഫ്റ്റ് സിറ്റി

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുകയാണ്. സുസ്ഥിര നഗരവികസനം, ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഗിഫ്റ്റ് സിറ്റി പദ്ധതിയാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിലെ ഇന്നത്തെ വിഷയം. ഇന്ത്യയിലെ ആദ്യത്തെ 'ഗ്രീൻഫീൽഡ്' സ്മാർട്ട് സിറ്റിയായ 'ഗുജറാത്ത് ഇന്റർനാഷണൽ ഫിനാൻസ് ടെക്- സിറ്റി ആധുനിക നഗരാസൂത്രണത്തിലും ആഗോള ധനകാര്യ സേവന രംഗത്തും സുപ്രധാന നാഴികക്കല്ലായി നിലകൊള്ളുന്നു. ഓട്ടോമേറ്റഡ് മാലിന്യ ശേഖരണ സംവിധാനം, നൂതന കൂളിംഗ് സംവിധാനങ്ങൾ, പ്രത്യേക യൂട്ടിലിറ്റി ടണലുകൾ എന്നിവയുൾപ്പെടെയുള്ള അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളോടെയാണ് ഗിഫ്റ്റ് സിറ്റി രൂപകൽപന ചെയ്തിട്ടുള്ളത് .

&&&&&&&&&&&&&&&&&&&&&

## കേരള സാഹിത്യ അക്കാദമി (ഇൻട്രോ)

സംസ്ഥാനത്തെ പ്രമുഖ സാംസ്കാരിക സ്ഥാപനങ്ങൾക്ക് പുതിയ നേതൃത്വം. സാഹിത്യം, സിനിമ, നാടകം, സംഗീതം, ചിത്രകല, നാടോടിക്കലകൾ തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖരാണ് വിവിധ അക്കാദമികളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും നേതൃത്വത്തിലേക്ക് എത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്......**

**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&

## മൻ കീ ബാത്ത്

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11ന്. പരിപാടിയുടെ 138-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലയിലും, എ.ഐ.ആർ ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി തത്സമയം ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത് കേൾക്കാം.

&&&&&&&&&&&&&&&&&&&&&

<u>കള്ളക്കടൽ</u>

കേരളം -മാഹി - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ പുലർച്ചെ 2.30 വരെ ശക്തമായ തിരമാലക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്. മേഖലകളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&&&

<u>ഏഷ്യൻ ഗെയിംസ്</u>

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് മികച്ച നേട്ടം. കബഡിയിൽ പുരുഷ-വനിതാ ടീമുകൾ സ്വർണം നേടി. ഫൈനലിൽ ഇറാന്റെ പുരുഷ - വനിതാ ടീമുകളെയാണ് ഇന്ത്യ തോൽപ്പിച്ചത്. ഇന്ന് കബഡി, അത്‌ലറ്റിക്സ്, ഷൂട്ടിംഗ്, സ്ക്വാഷ് എന്നിവയിലായി അഞ്ച് മെഡലുകളാണ് ഇന്ത്യ നേടിയത്. ഇതോടെ 4 സ്വർണവും 11 വെള്ളിയും 13 വെങ്കലവും അടക്കം 28 മെഡലുകളുമായി ഇന്ത്യ മെഡൽ പട്ടികയിൽ പത്താം സ്ഥാനത്തെത്തി.

&&&&&&&&&&&&&&&&&&&&&

<u>ക്രിക്കറ്റ്</u>

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ തിരുവനന്തപുരത്ത് നടക്കും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ട് മണിക്കാണ് പോരാട്ടം. ശുഭ്മാൻ ഗിൽ നയിക്കുന്ന ഇന്ത്യൻ ടീമിൽ മുതിർന്ന താരങ്ങളായ വിരാട് കോഹ്ലിയും രോഹിത് ശർമ്മയുമുണ്ട്. മൂന്ന് മത്സരങ്ങളടങ്ങിയതാണ് ഏകദിന പരമ്പര.

&&&&&&&&&&&&&&&&&&&&&

## തിരുവോണം ബമ്പർ

സംസ്ഥാന സർക്കാരിൻറെ തിരുവോണം ബമ്പർ ഭാഗ്യക്കുറിയിൽ ഒന്നാം സമ്മാനമായ 30 കോടി രൂപ TL 360 615 നമ്പർ ടിക്കറ്റിന് ലഭിച്ചു. കണ്ണൂർ ചക്കരക്കല്ലിൽ വിറ്റ ടിക്കറ്റിനാണ് സമ്മാനം ലഭിച്ചത്. തിരുവനന്തപുരത്ത് നടന്ന നറുക്കെടുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് പൂജ ബമ്പർ ലോട്ടറിയും മന്ത്രി പുറത്തിറക്കി.

&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&